**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4847** **13-03-2023 - ൽ മറുപടിയ്ക്ക്**

**അക്വാ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ നിയോജക മണ്ഡലത്തിലെ പുതുവൈപ്പിൽ 50 ഏക്കർ സ്ഥലത്ത് സി.ആർ.ഇസെഡ്. നിയമം പാലിച്ചുകൊണ്ട് സ്ഥാപിക്കുവാനായി ആവിഷ്കരിച്ചിരുന്ന അക്വാ പാർക്ക് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | 03.09.2021-ന് ചേർന്ന മന്ത്രിതല യോഗ തീരുമാന പ്രകാരം പുതുവൈപ്പിനിൽ നിലവിലുള്ള കണ്ടൽക്കാട് സംരക്ഷിച്ചും CRZ ചട്ടങ്ങൾ പാലിച്ചും വ്യവസായ വകുപ്പ്, ഫിഷറീസ് വകുപ്പ്, ടൂറിസം വകുപ്പ് എന്നീ മൂന്ന് വകുപ്പുകളുടെ സഹകരണത്താൽ ഒരു പദ്ധതി നടപ്പാക്കുന്നതിനായി കൺസെപ്റ്റ് നോട്ട് തയ്യാറാക്കുവാൻ എംപാനൽഡ് ഏജൻസിയെ കണ്ടെത്തുന്നതിനുള്ള നോട്ടീസ് പ്രസിദ്ധീകരിക്കുവാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തി.<br><br>പുതുവൈപ്പിനിൽ അക്വാപാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ബ്ലോക്ക് നം.10, സർവ്വേ നമ്പർ 238/1&4ൽ ഉൾപ്പെട്ടിട്ടുള്ള 50 ഏക്കർ സ്ഥലം ഫിഷറീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. കോംപ്രിഹെൻസീവ് കൺസെപ്റ്റ് നോട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ ചെയർമാനായി കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ, അഡാക്ക്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, ഫിഷറീസ് വകുപ്പുകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി 11 അംഗകമ്മറ്റി രൂപീകരിക്കുകയും, കമ്മറ്റി ചെയർമാന്റെ നേതൃത്വത്തിൽ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. അക്വാപാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് പ്രദേശത്തെ കണ്ടൽക്കാടുകൾ നിലനിർത്തികൊണ്ടും, കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മൽസ്യ സമ്പദ യോജന പദ്ധതിയിൽ പരിഗണിക്കപ്പെടാൻ കഴിയുന്ന തരത്തിലും ഒരു പദ്ധതി രൂപ രേഖ തയ്യാറാക്കുന്നതിനുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് |

| | | | |
|---|---|---|---|
| | | | (EoI) തയ്യാറാക്കാൻ തീരുമാനിക്കുകയും, ഇതിനായി തീരദേശ വികസന കോർപ്പറേഷനെ ചുമതല പ്പെടുത്തുകയും ചെയ്തു. തീരദേശ വികസന കോർപ്പറേഷൻ കേന്ദ്ര സർക്കാർ അംഗീകൃത സ്ഥാപനമായ WAPCOSനോട് ആയത് തയ്യാറാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് പ്രസ്തുത രൂപരേഖ തയ്യാറാക്കുന്നതിനുള്ള ടെക്നോ കൊമേഴ്സ്യൽ & എൻവയോൺമെന്റ് ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനുള്ള തുക അനുവദിക്കണമെന്ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ആവശ്യപ്പെട്ടു. പ്രധാനമന്ത്രി മൽസ്യസമ്പദാ യോജന പദ്ധതി മാർഗ നിർദേശങ്ങൾ പ്രകാരം മുൻകൂർ തുക അനുവദിക്കാൻ കഴിയില്ലായെന്നും ഡി.പി.ആർ. അംഗീകരിക്കുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കിയ തുക കൂടി ഉൾക്കൊള്ളിച്ച് അംഗീകാരം ലഭ്യമാക്കാവുന്നതാണെന്നും കേരള തീരദേശ വികസന കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്.<br><br>പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ യോഗം ചേർന്ന് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് 03.09.2021-ന് ചേർന്ന മന്ത്രിതല യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | 03.09.2021-ന് ചേർന്ന മന്ത്രിതല യോഗ തീരുമാന പ്രകാരം പുതുവൈപ്പിനിൽ നിലവിലുള്ള കണ്ടൽക്കാട് സംരക്ഷിച്ചും CRZ ചട്ടങ്ങൾ പാലിച്ചും വ്യവസായ വകുപ്പ്, ഫിഷറീസ് വകുപ്പ്, ടൂറിസം വകുപ്പ് എന്നീ മൂന്ന് വകുപ്പുകളുടെ സഹകരണത്താൽ ഒരു പദ്ധതി നടപ്പാക്കുന്നതിനായി കൺസെപ്റ്റ് നോട്ട് തയ്യാറാക്കുവാൻ എംപാനൽഡ് ഏജൻസിയെ കണ്ടെത്തുന്നതിനുള്ള നോട്ടീസ് പ്രസിദ്ധീകരിക്കുവാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തി.<br><br>പുതുവൈപ്പിനിൽ അക്വാപാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ബ്ലോക്ക് നം.10, സർവ്വേ നമ്പർ 238/1&4ൽ ഉൾപ്പെട്ടിട്ടുള്ള 50 ഏക്കർ സ്ഥലം ഫിഷറീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. കോംപ്രിഹെൻസീവ് കൺസെപ്റ്റ് നോട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ ചെയർമാനായി കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ, അഡാക്ക്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, ഫിഷറീസ് വകുപ്പുകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി 11 അംഗകമ്മറ്റി രൂപീകരിക്കുകയും, |

| | | | |
|---|---|---|---|
| | | | കമ്മറ്റി ചെയർമാന്റെ നേതൃത്വത്തിൽ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. അക്വാപാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് പ്രദേശത്തെ കണ്ടൽക്കാടുകൾ നിലനിർത്തികൊണ്ടും, കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മൽസ്യ സമ്പദ യോജന പദ്ധതിയിൽ പരിഗണിക്കപ്പെടാൻ കഴിയുന്ന തരത്തിലും ഒരു പദ്ധതി രൂപ രേഖ തയ്യാറാക്കുന്നതിനുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EoI) തയ്യാറാക്കാൻ തീരുമാനിക്കുകയും, ഇതിനായി തീരദേശ വികസന കോർപ്പറേഷനെ ചുമതല പ്പെടുത്തുകയും ചെയ്തു. തീരദേശ വികസന കോർപ്പറേഷൻ കേന്ദ്ര സർക്കാർ അംഗീകൃത സ്ഥാപനമായ WAPCOSനോട് ആയത് തയ്യാറാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് പ്രസ്തുത രൂപരേഖ തയ്യാറാക്കുന്നതിനുള്ള ടെക്നോ കൊമേഴ്സ്യൽ & എൻവയോൺമെന്റ് ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനുള്ള തുക അനുവദിക്കണമെന്ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ആവശ്യപ്പെട്ടു. പ്രധാനമന്ത്രി മൽസ്യസമ്പദാ യോജന പദ്ധതി മാർഗ നിർദേശങ്ങൾ പ്രകാരം മുൻകൂർ തുക അനുവദിക്കാൻ കഴിയില്ലായെന്നും ഡി.പി.ആർ. അംഗീകരിക്കുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കിയ തുക കൂടി ഉൾക്കൊള്ളിച്ച് അംഗീകാരം ലഭ്യമാക്കാവുന്നതാണെന്നും കേരള തീരദേശ വികസന കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്.<br><br>പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ യോഗം ചേർന്ന് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത യോഗതീരുമാനങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | 03.09.2021-ന് ചേർന്ന മന്ത്രിതല യോഗ തീരുമാന പ്രകാരം പുതുവൈപ്പിനിൽ നിലവിലുള്ള കണ്ടൽക്കാട് സംരക്ഷിച്ചും CRZ ചട്ടങ്ങൾ പാലിച്ചും വ്യവസായ വകുപ്പ്, ഫിഷറീസ് വകുപ്പ്, ടൂറിസം വകുപ്പ് എന്നീ മൂന്ന് വകുപ്പുകളുടെ സഹകരണത്താൽ ഒരു പദ്ധതി നടപ്പാക്കുന്നതിനായി കൺസെപ്റ്റ് നോട്ട് തയ്യാറാക്കുവാൻ എംപാനൽഡ് ഏജൻസിയെ കണ്ടെത്തുന്നതിനുള്ള നോട്ടീസ് പ്രസിദ്ധീകരിക്കുവാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തി.<br><br>പുതുവൈപ്പിനിൽ അക്വാപാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ബ്ലോക്ക് നം.10, സർവ്വേ നമ്പർ 238/1&4ൽ ഉൾപ്പെട്ടിട്ടുള്ള 50 ഏക്കർ സ്ഥലം ഫിഷറീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കോംപ്രിഹെൻസീവ് കൺസെപ്റ്റ് നോട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ ചെയർമാനായി കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ, അഡാക്ക്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, കൊച്ചി ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, ഫിഷറീസ് വകുപ്പുകളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി 11 അംഗകമ്മറ്റി രൂപീകരിക്കുകയും, കമ്മറ്റി ചെയർമാന്റെ നേതൃത്വത്തിൽ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. അക്വാപാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് പ്രദേശത്തെ കണ്ടൽക്കാടുകൾ നിലനിർത്തികൊണ്ടും, കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മൽസ്യ സമ്പദ യോജന പദ്ധതിയിൽ പരിഗണിക്കപ്പെടാൻ കഴിയുന്ന തരത്തിലും ഒരു പദ്ധതി രൂപ രേഖ തയ്യാറാക്കുന്നതിനുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EoI) തയ്യാറാക്കാൻ തീരുമാനിക്കുകയും, ഇതിനായി തീരദേശ വികസന കോർപ്പറേഷനെ ചുമതല പ്പെടുത്തുകയും ചെയ്തു. തീരദേശ വികസന കോർപ്പറേഷൻ കേന്ദ്ര സർക്കാർ അംഗീകൃത സ്ഥാപനമായ WAPCOSനോട് ആയത് തയ്യാറാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് പ്രസ്തുത രൂപരേഖ തയ്യാറാക്കുന്നതിനുള്ള ടെക്നോ കൊമേഴ്സ്യൽ & എൻവയോൺമെന്റ് ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനുള്ള തുക അനുവദിക്കണമെന്ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ആവശ്യപ്പെട്ടു. പ്രധാനമന്ത്രി മൽസ്യസമ്പദാ യോജന പദ്ധതി മാർഗ നിർദേശങ്ങൾ പ്രകാരം മുൻകൂർ തുക അനുവദിക്കാൻ കഴിയില്ലായെന്നും ഡി.പി.ആർ. അംഗീകരിക്കുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കിയ തുക കൂടി ഉൾക്കൊള്ളിച്ച് അംഗീകാരം ലഭ്യമാക്കാവുന്നതാണെന്നും കേരള തീരദേശ വികസന കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്.<br><br>പ്രിൻസിപ്പൽ സെക്രട്ടറി തലത്തിൽ യോഗം ചേർന്ന് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ